(ബി) മത്സ്യത്തൊഴിലാളികളുടെ പെർമിറ്റുകൾ വാങ്ങി കൂട്ടി മണ്ണെണ്ണ തട്ടിപ്പു നടത്തുന്ന സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് മൽസ്യഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മണ്ണെണ്ണ തട്ടിപ്പ് നടത്താൻ മൽസ്യഫെഡ് മൗനാനുവാദം നൽകിയിരുന്നതിനാൽ സഹകരണ സംഘം ഭാരവാഹികൾ പലരും മണ്ണെണ്ണ ബിസിനസും ഒ. ബി. എം. വിൽപ്പനയും നടത്തുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മൽസ്യഫെഡ് സഹകരണ സംഘങ്ങൾ നടത്തുന്ന മണ്ണെണ്ണ തട്ടിപ്പ് ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) ഇല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

മത്സ്യഫെഡിൽ ഉണ്ടായ സാമ്പത്തിക ക്രമക്കേടുകൾ

121 (1013) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) മത്സ്യഫെഡിൽ വൻതോതിലുള്ള സാമ്പത്തിക ക്രമക്കേടുകൾ നടന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) മത്സ്യഫെഡിൽ നടപ്പാക്കുന്ന ഇൻഷ്വറൻസ് പദ്ധതിയിലും മത്സ്യഫെഡ് ജീവനക്കാരുടെ മെഡിക്ലെയിം പദ്ധതിയിലും നടന്ന ക്രമക്കേടുകളെക്കുറിച്ചുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഇ) എങ്കിൽ എന്തു തുകയുടെ ക്രമക്കേടുകൾ നടന്നതായാണ് കണക്കാക്കിയിട്ടുള്ളത് ; വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) മത്സ്യഫെഡിൽ സുസുക്കി എൻജിൻ ഇറക്കുമതിയിൽ വെട്ടിപ്പ് നടന്നതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ സുസുക്കി എൻജിൻ ഇറക്കുമതിയിൽ നടന്ന ക്രമക്കേടുകളുടെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) മത്സ്യഫെഡിൽ സുസുക്കി ഔട്ട് ബോർഡ് എൻജിനുകളുടെ ഇറക്കുമതിയിലും, ജീവനക്കാരുടെ ഇൻഷുറൻസും മെഡി ക്ലെയിം പദ്ധതിയുടെ നടത്തിപ്പിലും സാമ്പത്തിക ക്രമക്കേടുകൾ നടന്നിട്ടുണ്ട്. ഇതു സംബന്ധിച്ച് ഫിഷറീസ് ഡയറക്ടർ ഫിഷറീസ് സഹകരണസംഘം രജിസ്ട്രാർ എന്ന നിലയിൽ സഹകരണ നിയമം 66-ാം വകുപ്പുപ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ഇ&എഫ്) ഏകദേശം 130 ലക്ഷം രൂപയുടെ ക്രമക്കേടുകൾ നടന്നതായി ഫിഷറീസ് സഹകരണസംഘം രജിസ്ട്രാർ സഹകരണനിയമം 66-ാം വകുപ്പു പ്രകാരം നടത്തിയ അന്വേഷണ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഈ പദ്ധതി അനുസരിച്ച് പ്രീമിയം ഇനത്തിൽ 141.05 ലക്ഷം രൂപ മത്സ്യഫെഡ് നാഷണൽ ഇൻഷ്വറൻസ് കമ്പനിയ്ക്ക് നൽകിയിട്ടുള്ളതിൽ 12 ലക്ഷത്തോളം രൂപയുടെ ക്ലെയിമുകൾ മാത്രമേ കൊടുത്തു തീർത്തിട്ടുള്ളു. ഫിഷറീസ് സഹകരണസംഘം രജിസ്ട്രാർ നടത്തിയ അന്വേഷണത്തിൽ മത്സ്യഫെഡിൽ സുസുക്കി ഔട്ട്ബോർഡ് എൻജിനുകൾ ഇറക്കുമതി ചെയ്തതിൽ ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ട്. ജപ്പാനിലെ സുസുക്കി മോട്ടോർ കോർപ്പറേഷന്റെ ഇൻഡ്യയിലെ ഏജന്റായ ചെന്നൈയിലെ മെസ്സേഴ്സ് ഹൈഡ്രെ കമ്പനിയുമായി ഉണ്ടാക്കിയിട്ടുള്ള ധാരണയുടെ അടിസ്ഥാനത്തിലാണ് സുസുക്കി എൻജിനുകൾ ഇറക്കുമതി ചെയ്തുവന്നിരുന്നത്. എന്നാൽ അന്വേഷണത്തിൽ മൽസ്യഫെഡിലെ ഉദ്യോഗസ്ഥരും ഹൈഡ്രെ കമ്പനിയുമായി ഗൂഢാലോചന നടത്തി വ്യാജരേഖ ചമച്ച് ഫെഡറേഷന് നഷ്ടം വരുത്തിയതായി കണ്ടെത്തിയിട്ടുണ്ട്.

ടൂറിസം മേഖല വിപുലീകരിക്കാൻ നടപടി

122 (1014) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ റസ്റ്റ് ഹൗസുകൾ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കൈമാറാൻ പൊതുമരാമത്ത് വകുപ്പ് കൈക്കൊണ്ട തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ടൂറിസം വകുപ്പിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ പ്രകൃതി രമണീയമായ ടൂറിസം മേഖല വിപുലീകരിക്കാനും സംസ്ഥാനത്തിന്റെ പൊതുസ്വത്താക്കി നിലനിർത്താനും നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly